II.ഇ.ബി. XII-കേരള നിയമസഭ/XI-18

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 16, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

59(*511) പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡിന്റെ (റിയാബ്) പ്രവർത്തനം

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തനം അവലോകനം ചെയ്യുക, സ്ഥാപനങ്ങളുടെ കണക്കുകളും ആഡിറ്റുകളും പൂർത്തിയാക്കുന്നതിലുള്ള പുരോഗതി വിലയിരുത്തുക, സ്ഥാപനങ്ങൾ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രൊപ്പോസലുകളിന്മേൽ ആവശ്യമായ പരിശോധന നടത്തി സർക്കാരിന് ശുപാർശ നൽകുക, സ്ഥാപനങ്ങൾക്ക് സർക്കാരിൽനിന്നും നൽകുന്ന ധനസഹായം ജോയിന്റ് അക്കൗണ്ട് സംവിധാനം മുഖേന നൽകി അതിന്റെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുക, സ്ഥാപനങ്ങളിൽ സർക്കാരിന്റെ നിർദ്ദേശാനുസരണം പെർഫോമൻസ് ഓഡിറ്റ് നടത്തുക, സർക്കാരിന്റെ നിർദ്ദേശാനുസരണം സ്ഥാപനങ്ങളിൽ ആവശ്യമായ പഠനം

നടത്തി പുനരുദ്ധാരണത്തിനും ആധുനികവത്ക്കരണത്തിനുമുള്ള പദ്ധതികൾ ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ സഹായത്തോടെ കമ്പനികൾക്കായി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക, സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണ സംവിധാനം മെച്ചപ്പെടുത്തുക, മാനുഷിക വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഷികാവലോകന മീറ്റിംഗുകൾ സംഘടിപ്പിക്കുക, ഏറ്റവും നല്ല സ്ഥാപനം, ചീഫ് എക്സിക്യൂട്ടിവ് എന്നീ അവാർഡുകൾ നൽകുന്നതിനുള്ള ചടങ്ങുകൾ സംഘടിപ്പിക്കുക എന്നിവയാണ് പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) നിർവ്വഹിക്കുന്ന ചുമതലകളെന്ന് സഭയെ അറിയിച്ചു. റിയാബിന്റെ നല്ല രീതിയിലുള്ള പ്രവർത്തനം കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ റിയാബ് മുഖേന നടപ്പിലാക്കിവരുന്നു. സ്ഥാപനങ്ങളുടെ മാനേജ്മെന്റുകൾ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കുന്ന നവീകരണം, വൈവിദ്ധ്യവത്ക്കരണം, നൂതന സാങ്കേതികവിദ്യകൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികളിൻമേൽ

ആവശ്യമായ പരിശോധന നടത്തുകയും അവ നടപ്പിലാക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള ശുപാർശകൾ വ്യവസായ വകുപ്പിന്റേയും ധനകാര്യവകുപ്പിന്റേയും പരിഗണനയ്ക്കായി സമർപ്പിക്കുകയുമാണ് റിയാബ് ചെയ്യുന്നത്. ഈ പദ്ധതികളിൻമേൽ തിരുത്തലുകൾ ആവശ്യമായ പക്ഷം കമ്പനി മാനേജ്മെന്റുമായും വിദഗ്ദ്ധരുമായും ചർച്ച നടത്തി സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള റോഡ് മാപ്പ് തയ്യാറാക്കുന്നതിനുള്ള സഹായവും റിയാബ് നൽകിവരുന്നു. സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തിപ്പിക്കുക എന്ന പദ്ധതിയുടെ ഭാഗമായി പല സ്ഥാപനങ്ങളെയും ഒരു കോമൺ മാനേജ്മെന്റിന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കൊമേഴ്സ്യൽ അടിസ്ഥാനത്തിലുള്ള 43 പൊതുമേഖലാ സ്ഥാപനങ്ങളിൽ 28 സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്. റിയാബിന്റെ പ്രവർത്തന ഫലമായി കഴിഞ്ഞ കാലത്ത് വി.ആർ.എസ്. മുഖേന പിരിഞ്ഞുപോയ തൊഴിലാളികൾക്ക് കൊടുക്കാനുണ്ടായിരുന്ന മുഴുവൻ തുകയും ഈ ഗവൺമെന്റ് വന്നശേഷം കൊടുത്തുതീർക്കുകയാണ്. പല പൊതുമേഖലാ സ്ഥാപനങ്ങളും ഇന്റേണൽ ഓഡിറ്റും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും നടത്തുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ക്രെഡിബിലിറ്റി വർദ്ധിപ്പിക്കുന്നതിന് ഒരു പാനൽ തയ്യാറാക്കുന്നതിനും രണ്ടുവർഷം കൂടുമ്പോൾ പാനലിലെ അംഗങ്ങളെ മാറ്റുന്നതിനും നിർദ്ദേശം കൊടുത്തതിന്റെ ഫലമായി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റേയും കറന്റ് ഓഡിറ്റിന്റേയും കാര്യത്തിൽ ഭൂരിപക്ഷം കമ്പനികളും കൃത്യത പാലിച്ചുവരുന്നുണ്ട്. സിൽക്കിന്റെ തുറവൂർ യൂണിറ്റിന്റെ പുന:രുദ്ധാരണ പദ്ധതികൾ തയ്യാറാക്കിവരുന്നു.

കല്ലേപ്പുള്ളിയിൽ പനനാര് ഉപയോഗിച്ച് ഉൽപ്പന്നങ്ങളുണ്ടാക്കുന്ന യൂണിറ്റിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി അടുത്ത ജനുവരി മാസത്തിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ നവീകരിക്കാൻ ആവശ്യമായ 23 കോടി രൂപയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായ പത്തരക്കോടി രൂപയ്ക്കു പുറമെ ബാക്കി തുകയ്ക്ക് സർക്കാർ ഗ്യാരണ്ടിയിൽ എസ്.ബി.ടി.യിൽനിന്നും ലോൺ ലഭ്യമാക്കി കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള മില്ലുകളുടെ നവീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ എക്സസ്സ് ഭൂമി ഏതെങ്കിലും സ്ഥാപനത്തിന് ഉപയോഗിക്കാൻ കഴിയുമോയെന്നുള്ള കാര്യം ഗൗരവമായി ആലോചിക്കാവുന്നതാണ്. കുന്നത്തറ ടെക്സ്റ്റൈൽസ് കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്ത് ഏതെങ്കിലുമൊരു പദ്ധതിയുടെ ഭാഗമായി പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്നുള്ള കാര്യം ഗവൺമെന്റ് ആലോചിച്ചുവരുന്നു. ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് കേന്ദ്ര ഭക്ഷ്യ വകുപ്പിന്റെ കീഴിൽ കാർഷിക ഉപകരണങ്ങളുണ്ടാക്കുന്ന വ്യവസായ ശാലയായി ഇന്റഗ്രേറ്റ് ചെയ്ത് വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ കേന്ദ്ര ഭക്ഷ്യ വകുപ്പിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും ദിനേശ് ബീഡി സംഘത്തിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് 500 രൂപ പ്രതിമാസ പെൻഷൻ വിതരണം ചെയ്യാൻ തീരുമാനമായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

60(*512) <u>പെർമനന്റ് ലോക് അദാലത്ത്</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിലെ 22 ബി വകുപ്പ് പ്രകാരം പൊതുജനോപകാരപ്രദമായ സേവന രംഗങ്ങളിലെ നീതിനിഷേധ ങ്ങൾക്കും മറ്റ് തർക്കങ്ങൾക്കും വേഗത്തിൽ പരിഹാരം കാണുന്നതിനുള്ള ഒരു സംവിധാനമെന്ന നിലയിലാണ് പെർമനന്റ് ലോക് അദാലത്ത് സ്ഥാപിത മായതെന്നും ഉഭയകക്ഷി സമ്മതപ്രകാരം തർക്കങ്ങളിൽ തീർപ്പുണ്ടാക്കാൻ ശ്രമിക്കുകയും രമ്യമായ പരിഹാരത്തിൽ എത്തുവാൻ സാധിക്കാത്തപക്ഷം മെറിറ്റടിസ്ഥാനത്തിൽ തീർപ്പു കൽപ്പിക്കുകയുമാണ് പെർമനന്റ് ലോക് അദാ ലത്ത് ചെയ്യുന്നതെന്നും പെർമനന്റ് ലോക് അദാലത്തിന്റെ അവാർഡുകൾ അന്തിമവും സിവിൽ കോടതിവിധികൾ എന്നപോലെ നടപ്പിലാക്കാവുന്നവയു മാണെന്നും സഭയെ അറിയിച്ചു. സർവ്വീസിലുള്ളതോ വിരമിച്ചതോ ആയ ജില്ലാ ജഡ്ജി ചെയർമാനും പബ്ളിക് യൂട്ടിലിറ്റി സർവീസ് മേഖലയിൽ പ്രാവീണ്യമുള്ള സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്ത 2 അംഗങ്ങളും ഉൾപ്പെടുന്നതാണ് ഇതിന്റെ ഘടന. വായു, കര, ജലമാർഗ്ഗങ്ങൾ വഴിയുള്ള യാത്ര/ചരക്ക് ഗതാഗതം; തപാൽ/ടെലഗ്രാഫ്/ടെലിഫോൺ സേവന മേഖല; ഊർജ്ജം, വെളിച്ചം, ജലം മുതലായവയുടെ വിതരണം; പൊതുമുതൽ സംര ക്ഷിക്കുന്നതിനും ശുചിത്വത്തിനും ഉള്ള സേവനം; ആശുപത്രികളിലോ ഡിസ്പെൻസറികളിലോ ഉള്ള സേവനം; ഇൻഷ്വറൻസ് സർവ്വീസ് തുടങ്ങിയ സംഗതികളെ സംബന്ധിച്ച കേസുകളാണ് ലോക് അദാലത്തിന്റെ പരിഗണ നയ്ക്ക് വരുന്നത്. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സുനാമി ബാധിതരായവരിൽ നിന്നും 8 പരാതികൾ ഫയലിൽ സ്വീകരിക്കുകയും

ഇവയ്ക്ക് 2009-ൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളത്തും കോഴിക്കോട്ടും പെർമനന്റ് ലോക് അദാലത്തുകൾ ആരംഭിക്കാനുള്ള തീരുമാനം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. കേന്ദ്ര നിയമമായ 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിലാണ് സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും ഡിസ്ട്രിക്ട് ലീഗൽ സർവ്വീസസ് അതോറിറ്റിയും താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപീകൃതമായത്. സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ കീഴിൽ സാധാരണ ജനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളാണ് കൈകാര്യം ചെയ്യുന്നത്. 2008-ൽ പെർമനന്റ് ലോക് അദാല ത്തിന്റെ പരിഗണനയ്ക്ക് 969 കേസ്സുകൾ വരികയും മുൻവർഷങ്ങളിലേ തുൾപ്പെടെ 942 കേസ്സുകൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. ഭരണഘടനയിൽ അധിഷ്ഠിതമായ സാമൂഹ്യനീതി ഉറപ്പുവരുത്തുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഈ അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം ആഴ്ചയിൽ ഒരിക്കൽ നടത്താനുള്ള നടപടികൾ ക്രമീകരിക്കുന്നതാണ്. ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കേണ്ടതും ഫലപ്രദമാക്കേണ്ടതുമുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരത്തുള്ള പെർമനന്റ് ലോക് അദാലത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്തുനിന്നും എറണാകുളത്തേയ്ക്ക് മാറ്റിയതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഹൈക്കോടതിയുമായും സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുമായും ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യത്തിൽ

പരിഹാരം ഉണ്ടാക്കുന്നതാണ്. ബ്ളോക്ക് അടിസ്ഥാനത്തിൽ അദാലത്തുകൾ നടത്തുന്ന കാര്യത്തെക്കുറിച്ച് പ്രത്യേകം പരിശോധിക്കാമെന്നും താലൂക്ക് തലത്തിലുള്ള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പുന:സംഘടന ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പുന:സംഘടന ആരംഭിച്ചിട്ടേയുള്ളുവെന്നും മന്ത്രി വ്യക്തമാക്കി.

61(*513) <u>ജനനി സുരക്ഷാ യോജന</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, 2005 മുതൽ കേരളത്തിൽ നട പ്പിലാക്കിവരുന്ന ജനനി സുരക്ഷാ യോജന പദ്ധതി പ്രകാരം 2009 മെയ് മാസം വരെ 408,946 സ്ത്രീകൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും വരുമാന പരിധി ബാധകമല്ലാതെ ആദ്യ രണ്ടു സജീവ പ്രസവങ്ങൾക്ക് ഗ്രാമീണ മേഖല യിൽ നിന്നും വരുന്ന സ്ത്രീകൾക്ക് 700 രൂപയും യാത്രാച്ചെലവിനായി 300 രൂപയും നഗര, കോർപ്പറേഷൻ മേഖലയിലുള്ള സ്ത്രീകൾക്ക് 600 രൂപയും വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. മാനദണ്ഡങ്ങൾ ലഘുവാക്കിയിട്ടുള്ളതിനാൽ ഇപ്പോൾ കൂടുതൽ പേർക്ക് ആനുകൂല്യം ലഭ്യമായി വരുന്നു. പ്രസവാനുകൂല്യം ആശുപത്രിയിൽ വച്ചുതന്നെ നൽകുന്നതുകൊണ്ട് കാലതാമസവും ഉണ്ടാകു ന്നില്ല. ജില്ല മാറി നടക്കുന്ന പ്രസവങ്ങൾക്ക് അപൂർവ്വമായി ചില സാങ്കേതിക തടസ്സങ്ങൾ നേരിടുന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു

വരുന്നു. ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും വേണ്ടി സബ്സെന്ററുകൾ വഴിയും അംഗൻവാടികൾ വഴിയും ജെ.പി.എച്ച്.എൻ.മാർ മരുന്നുകൾ വിതരണം ചെയ്തുവരുന്നു. സർക്കാർ ആശുപത്രികളിലെത്തുന്ന പാവപ്പെട്ട സ്ത്രീകൾക്ക് രക്തം ആവശ്യമായി വരുന്നപക്ഷം ഓഗസ്റ്റ് മാസം മുതൽ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

62(*514) <u>ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയം</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഒരു വാർഡിൽ ഒരു കളി സ്ഥലം, ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം, നീന്തൽകുളം എന്നിവ യ്ക്കായി ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം 5,72,41,000 രൂപയുടെ പ്രവൃത്തികൾ അനുവദിക്കുകയും 1,48,91,000 രൂപ വിതരണം ചെയ്യുകയും ബാക്കി തുക നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതനുസരിച്ച് വിതരണം ചെയ്യുന്ന താണെന്നും സഭയെ അറിയിച്ചു. കായിക യുവജനകാര്യാലയം മുഖേന ഈ പദ്ധതിക്കായി 43 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 3 കോടി രൂപ നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ വഴി 1,48,91,000 രൂപയും കായിക യുവജനകാര്യാലയം വഴി 3 കോടി രൂപയും ചേർത്ത് 4,48,91,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. സ്പോർട്ട്സ് കൗൺസിൽ ഈ

ആവശ്യത്തിനായി 5,72,41,000 രൂപയും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "ഖേൽ അഭിയാൻ" പദ്ധതിയിൽനിന്നും 79,92,500 രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 29-06-2009-ൽ തിരുവനന്തപുരം മാണിക്കൽ ഗ്രാമപഞ്ചായത്തിൽ വെച്ച് പൈക്ക പദ്ധതി യുടെ സംസ്ഥാനതല സമ്മേളനം നടക്കുകയും പ്രാരംഭ ഘട്ടമായി 100 ഗ്രാമ പഞ്ചായത്തുകളെയും 15 ബ്ലോക്ക് പഞ്ചായത്തുകളെയും തെരഞ്ഞെടുക്കു കയും തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഏഴ് പഞ്ചായത്തു കൾക്കും ഒരു മുനിസിപ്പാലിറ്റിക്കുമുള്ള കളിസ്ഥലങ്ങളുടെ വികസനത്തിനു ള്ള ധനസഹായം വിതരണം ചെയ്യുകയും ചെയ്തു. മറ്റുള്ള ജില്ലകളുടെ ധന സഹായം എത്രയും വേഗം വിതരണം ചെയ്യുന്നതാണ്. പൈക്ക പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്/ജില്ല/സംസ്ഥാനതല കായിക മത്സരങ്ങൾ സംഘടിപ്പിക്കു കയും ചെയ്യുന്നുണ്ട്. വികേന്ദ്രീകൃത വികസനത്തിന്റെ ഭാഗമായി കായിക വികസനം ഗ്രാമതലത്തിൽ കൊണ്ടുവരാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4001 മുതൽ 4205 വരെയുള്ള ചോദ്യങ്ങളിൽ 102 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)